بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**
**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**
**02 October 2020 / 14 Safar 1442 AH**

## *Duahs (Invocations)* (Pt. 13) ദുആകൾ (ഭാഗം-13)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം ദുആകൾ എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, എനിക്ക് എങ്ങനെയാണ് അല്ലാഹുവിനോട് നന്ദി രേഖപ്പെടുത്തേണ്ടതെന്നറിയില്ല. അവൻ എത്രവലിയ അനുഗ്രഹമാണ് എന്റെ മേൽ ചൊരിഞ്ഞിരിക്കുന്നത്. ഇത്രയും പ്രധാനപ്പെട്ട ഒരു വിഷയത്തെക്കുറിച്ച് സംസാരിക്കുവാനുള്ള അനുഗ്രഹം അവൻ എനിക്ക് നല്കിയിരിക്കുന്നു. അതിലൂടെ നിങ്ങൾക്കും എനിക്കും പ്രയോജനം ലഭിക്കുന്നു. അങ്ങനെ നാമിരുകൂട്ടരും നന്മയിലായി തീരുന്നു.

തീർച്ചയായും എന്റെ മേൽ ഇറങ്ങുന്ന പരിശുദ്ധാത്മാവിന്റെ പ്രകാശജ്വാലയുടെ പ്രതികരണ ഫലമായാണ് ഇതൊക്കെ സംഭവിക്കുന്നത്. ദൈവസ്നേഹത്താൽ അത് നിങ്ങളെ ഉദ്ദീപിപ്പിക്കുകയാണ് ചെയ്യുന്നത്. അത് എന്റെ ഹൃദയത്തിലൂടെ കവിഞ്ഞൊഴുകുകയാണ് ചെയ്യുന്നത്. ഈ അവസ്ഥയിൽ എന്നെ പിടികൂടിയിരിക്കുന്നത് ഒരു പ്രത്യേക മനോനിലയാണ്, ഞാൻ എന്റെ സമയം ചെലവഴിക്കുന്നത് അല്ലാഹുവിനെ ഓർത്തുകൊണ്ടിരിക്കുന്നതിലൂടെയാണ്. ഔപചാരികമായ ചില നടപടികൾ നടത്തുക എന്നതല്ല; അഥവാ അങ്ങനെ പ്രത്യക്ഷപ്പെടുക എന്നതുമല്ല. മറിച്ച്, ഞാൻ ഇഷ്ടപ്പെടുന്ന എന്റെ ആത്മീയ ജീവിതത്തെ ദൈവം ആക്കിത്തീർക്കുകയാണ്; അതായത് ദൈവത്തെ സ്മരിക്കുക എന്നത്. ഈ ആഹാരത്തെ ആധാരമാക്കിയാണ് അത് നിലകൊള്ളുന്നത്. ഭൗതീകജീവിതവും ആഹാരവും ശരീരത്തെ നിലനിർത്തുകയും പുഷ്ടിപ്പെടുത്തുകയും ചെയ്യുന്നതുപോലെ; ഇത് കയ്പുള്ള ഒരു മരുന്ന് കഴിക്കുന്നതുപോലെയാണ്, അവന്റെ രോഗം ഭേദമാകുന്നതിനു വേണ്ടി! ഇതുപോലെ ഒരുവൻ നമസ്ക്കാരത്തിൽ സ്ഥിരപ്രതിഷ്ഠ നേടേണ്ടതാണ്. അവനിഷ്ടപ്പെട്ടില്ലെങ്കിലും അതവൻ കാത്തുസൂക്ഷിക്കേണ്ടതാണ്, അത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ദൈവത്തോട് അവൻ കേണപേക്ഷിച്ചു കൊണ്ടിരിക്കേണ്ടതുമാണ്. അവനതിൽ പ്രത്യേകിച്ച് യാതൊരു സന്തോഷവും ഉണ്ടായില്ലെങ്കിൽ പോലും!

ഇത്തരം ഒരു സാഹചര്യത്തെ അഭിമുഖീകരിക്കുമ്പോൾ നാം, മാനവകുലം, സമാനതകളില്ലാത്ത ദൈവത്തിൽ വിശ്വസിക്കുന്നവർ, താഴെപറയുന്ന പ്രാർത്ഥന നടത്തേണ്ടതാണ്. നമ്മുടെ പ്രാർത്ഥനകളിൽ നമസ്ക്കാരങ്ങളിൽ സന്തോഷവും ആഹ്ളാദവും തേടേണ്ടതാണ്, ദൈവത്തോടുള്ള മറ്റ് പ്രാർത്ഥനകളിലും നാം ആഹ്ലാദചിത്തരായി തീരേണ്ടതാണ്. **ദൈവകാരുണ്യത്തിനായി നാം പ്രാർത്ഥന തുടരേണ്ടതു തന്നെയാണ്.**

1. ''ഞങ്ങളുടെ നാഥാ! ഞങ്ങൾ ഞങ്ങളോടു തന്നെ തെറ്റുചെയ്തുപോയി; നീ ഞങ്ങൾക്ക് പൊറുത്തുതരികയും ഞങ്ങളോട് കരുണകാട്ടുകയും ചെയ്യാത്തപക്ഷം തീർച്ചയായും ഞങ്ങൾ നഷ്ടപ്പെട്ടവരിൽ ഉൾപ്പെട്ടുപോകും'' 7:24

**നേട്ടം, വിജയം, പ്രയാസസാഹചര്യങ്ങളിൽ ദൈവീക വിധി ഇവ ലഭിക്കുന്നതിനായി ദൈവത്തോട് താഴെപറയുന്ന നിലയിൽ പ്രാർത്ഥിക്കുക.**

2. ''ഞങ്ങളുടെ നാഥാ! ഞങ്ങളുടെയും ഞങ്ങളുടെ ജനങ്ങളുടെയും ഇടയിൽ സത്യമനുസരിച്ച് നീ തീരുമാനം കല്പിക്കേണമെ. തീരുമാനം എടുക്കുന്നവരിൽ വെച്ച് നീ ഏറ്റവും ഉത്തമനാണല്ലോ'' 7:90

3. ''ഞങ്ങളുടെ നാഥാ! നീ ഞങ്ങൾക്ക് സ്ഥിരചിത്തത പ്രദാനം ചെയ്യേണമെ! അനുസരണമുള്ളവരായി നീ ഞങ്ങളെ മരിപ്പിക്കുകയും ചെയ്യേണമെ'' 7:127

അതുപോലെ ധർമ്മനിഷ്ഠയില്ലാത്തവരെ ഒഴിവായി കിട്ടുവാൻ, അവർ ചെറിയ ചെറിയ കാര്യങ്ങൾക്കുപോലും വാദമുഖങ്ങൾ ഉന്നയിക്കുന്നവരാണ്, നിരർത്ഥകമായ കാര്യങ്ങൾക്കായി സമയം ചെലവഴിക്കുന്നവരാണ്, അതുപോലെ ധിക്കാരികളായ, പരുഷസ്വഭാവക്കാരായ, അസൂയാലുക്കളായ, നിങ്ങളെ വെറുക്കുന്ന, കപടവിശ്വാസികളെപോലുള്ളവരിൽ നിന്നുള്ള ഉപദ്രവങ്ങൾ ഒഴിവായി കിട്ടുവാൻ നിങ്ങൾ പ്രാർത്ഥിക്കേണ്ടതാണ്. അവരെപ്പോഴും നിങ്ങൾക്ക് ഫസാദുകൾ സൃഷ്ടിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നവരാണ്. ഇല്ലാത്ത കാര്യങ്ങൾ പറഞ്ഞു നടക്കുന്നതിൽ അവർ അതീവതൽപരരാണ്. (അതായത് ഊഹാപോകങ്ങൾ പറഞ്ഞു പരത്തി നടക്കുന്നവരാണവർ)വലിയ ബഹളം ഉണ്ടാക്കി കലഹം സൃഷ്ടിച്ച് കുഴപ്പം ഉണ്ടാക്കുന്നവരാണവർ. ഈ ആളുകൾ ഹൃദയരോഗികളാണ്. അസൂയ അവരുടെ ഹൃദയങ്ങളിൽ അഗ്നിസ്ഫുലിംഗങ്ങൾ സൃഷ്ടിക്കുന്നു. നിങ്ങൾ, വിശ്വാസികൾ അവർക്കിടയിൽ സമാധാനം സൃഷ്ടിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിലും, ഈ ആളുകൾക്ക് അത് ഗ്രഹിക്കുവാൻ കഴിയാത്തവരും, അതുകൊണ്ട്തന്നെ സമാധാനം സ്ഥാപിക്കുവാൻ, അവർ നിങ്ങളുമായി സഹകരിക്കാത്തവരുമാണ്. അവർ കുഴപ്പം സൃഷ്ടിക്കുവാൻ പരിശ്രമിച്ചുകൊണ്ടേയിരിക്കുന്നു. അതുകൊണ്ട് തന്നെ ദൈവത്തിൽ നിന്നുള്ള സത്യം, ഈ ആളുകളുടെ ഹൃദയങ്ങളിൽ നിന്നും, ബോധമനസ്സുകളിൽ നിന്നും അപ്രത്യക്ഷമായി പോകുന്നു. ആയതിനാൽ നിങ്ങൾ ഇവരുടെ കുതന്ത്രങ്ങളിൽ ആപതിച്ചു പോകാതിരിക്കുവാൻ, അല്ലാഹു(ത) വിശുദ്ധഖുർആനിലൂടെ നമ്മെ പഠിപ്പിച്ച ഈ ദുആ ചെയ്തുകൊണ്ടിരിക്കുക.

''ഞങ്ങളുടെ നാഥാ! ഞങ്ങളെ ഈ അക്രമികളോടൊപ്പം ആക്കിക്കളയരുതേ'' 7:48 എന്നിട്ട് വീണ്ടും നിങ്ങൾ അല്ലാഹുവിനോട് പ്രാർത്ഥിച്ചുകൊണ്ടിരിക്കുക, അതായത്, മുകളിൽ പറഞ്ഞ നിലവാരത്തിലുള്ള, അക്രമികളായവരിൽ നിന്ന്, സംരക്ഷണം നല്കുന്നതിനായി പ്രാർത്ഥന തുടർന്നു കൊണ്ടിരിക്കുക, അതോടൊപ്പം അവിശ്വാസികളായ ആളുകളിൽ നിന്നുള്ള സംരക്ഷണത്തിനായും പ്രാർത്ഥിച്ചുകൊണ്ടരിക്കുക, **ഞങ്ങളുടെ നാഥാ! നീ ഞങ്ങളെ അക്രമികൾക്ക് ഒരു പരീക്ഷണമാക്കരുതേ! അവിശ്വാസികളായ ജനങ്ങളിൽ നിന്ന് നിന്റെ കാരുണ്യത്താൽ നീ ഞങ്ങളെ രക്ഷിക്കേണമെ (10:86,87)**

**നിങ്ങൾ യാത്ര ചെയ്യുമ്പോൾ അതൊരു കാറിലാകട്ടെ, വിമാനത്തിലാകട്ടെ, കപ്പലിലാകട്ടെ അല്ലെങ്കിൽ മറ്റേതെങ്കിലും യാത്രാ വാഹനത്തിലാകട്ടെ, അപ്പോൾ നിങ്ങൾ ഈ ദുആ ചെയ്തുകൊണ്ടരിക്കുക.**

അതിന്റെ സഞ്ചാരവും നില്പും അല്ലാഹുവിന്റെ നാമത്തിന്റെ അനുഗ്രഹത്തിലാണ്, തീർച്ചയായും എന്റെ നാഥൻ സർവഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു(11:42)

**നിങ്ങളുടെ അവസാന ശ്വാസംവരേയും അല്ലാഹുവിന് പരമാവധി കീഴടങ്ങി കഴിയുവാനായി സർവ്വശക്തനായ ദൈവത്തോട് കേണപേക്ഷിക്കുക.** ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടാവേ! ഇഹത്തിലും പരത്തിലും നീ എന്റെ രക്ഷകർത്താവാണ്. എന്നെ നീ അനുസരണമുള്ളവനായി മരിപ്പിക്കുകയും സുകൃതവാന്മാരോടൊപ്പം എന്നെ ഉൾപ്പെടുത്തുകയും ചെയ്യേണമെ! (12 : 102)

**ഒരു ജോലി ആരംഭിക്കുന്നതിന് മുൻപ് ഈ ദുആ ചെയ്യുക.** ഞങ്ങളുടെ നാഥാ! നീഞങ്ങൾക്ക് നിന്റെ പക്കൽ നിന്നുള്ള കാരുണ്യം നല്കേണമെ!ഞങ്ങളുടെ കാര്യത്തിൽ നീ ഞങ്ങൾക്ക് വഴി ഒരുക്കിത്തരികയും ചെയ്യേണമെ! (18:11)

നിങ്ങളുടെ കഠിനജോലി എളുപ്പമായി തീരുന്നതിനായി, നാവിന് ശക്തിപകരുന്നതിനായി, അതായത് സത്യത്തിനു വേണ്ടിയുള്ള വാദങ്ങളും വാക്കുകളും ശക്തിയുള്ളതായി തീരുന്നതിനായി ഇപ്രകാരം പ്രാർത്ഥിക്കുക. എന്റെ നാഥാ! നീ എനിക്ക് എന്റെ ഹൃദയത്തെ വികസിപ്പിച്ചു തരേണമെ, എന്റെ കാര്യം നീ എളുപ്പമാക്കി തരേ

ണമെ, എന്റെ നാവിൽ നിന്ന് നീ കെട്ടിഴിച്ചുതരേണമെ, അവർ എന്റെ വാക്കുകൾ എളുപ്പമാക്കി തരേണമെ, എന്റെ നാവിൽ നിന്ന് നീ കെട്ടഴിച്ചു തരേണമെ, അവർ എന്റെ വാക്കുകൾ എളുപ്പം മനസ്സിലാക്കുന്നതിനുവേണ്ടി (20:26, 27, 28, 29)

ഭൗതികമായോ, ആത്മീയമായോ ആയ അറിവിനായി വിദ്യാർത്ഥികൾക്കോ മുതിർന്നവർക്കോ ഈ പ്രാർത്ഥന ചെയ്യാവുന്നതാണ്. ‘‘എന്റെ നാഥാ എനിക്ക് നീ അറിവ് വർദ്ധിപ്പിച്ചു തരേണമെ’’ (20:115)

നിങ്ങൾ ഏതെങ്കിലും ബുദ്ധിമുട്ടിലോ, തിന്മയിലോ, പ്രയാസത്തിലോ അകപ്പെട്ടാൽ, നിങ്ങൾ വിഷമിക്കേണ്ട, നിങ്ങൾ അല്ലാഹുവിലേക്ക് തിരിയുക, എന്നിട്ട് ഈ ദുആ കുടുതലായി ചെയ്തുകൊണ്ടിരിക്കുക. ആരാധനയ്ക്കർഹൻ നീയല്ലാതെ മറ്റാരുമില്ല, നിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. നിശ്ചയമായും, ഞാൻ അതിക്രമകാരികളിലകപ്പെട്ടവനായി പോയിരിക്കുന്നു (21:88)

സത്യവാനായ ദൈവത്തിന്റെ സന്ദേശം നീ നല്കുമ്പോൾ, നിന്റെ വാക്കുകളാൽ അവർ, ജനങ്ങൾ, സംശയാലുക്കളാകുമ്പോൾ, അവർ നിന്നെ വ്യാജനെന്നു പറയുമ്പോൾ നീ നിന്റെ സൃഷ്ടാവിനോട് ഈ ദുആ ചെയ്തുകൊണ്ട് സഹായം തേടുക. ‘‘എന്റെ നാഥാ നീ എന്നെ സഹായിക്കേണമെ. എന്തെന്നാൽ ഇവരെന്നെ നിഷേധിച്ചിരിക്കുന്നു.’’ (23:27)

അല്ലാഹു(ത)യുടെ കാരുണ്യം ലഭിക്കുവാനായി നിങ്ങൾ ഈ ദുആ ചെയ്തുകൊണ്ടിരിക്കുക. ‘‘എന്റെ നാഥാ! നീ പൊറുത്തു തരികയും കരുണചെയ്യുകയും ചെയ്യേണമെ നീ കരുണ ചെയ്യുന്നവരിൽ ഉത്തമനാകുന്നു’’ (23:119)

അല്ലാഹുവിൽ നിന്നുള്ള കാരുണ്യത്തിനും മാപ്പിനുമായി ഈ ദുആയിലൂടെയും തേടാവുന്നതാണ്. ‘‘ഞങ്ങളുടെ നാഥാ! ഞങ്ങൾ വിശ്വസിച്ചു. അതിനാൽ ഞങ്ങൾക്ക് പൊറുത്തുതരേണമെ, ഞങ്ങൾക്ക് കരുണ ചെയ്യേണമെ, നീ കരുണ ചെയ്യുന്നവരിൽ ഏറ്റവും ഉത്തമനാണല്ലോ’’ (23:110)

നാം, മനുഷ്യകുലം ദൈവവിശ്വാസത്തിൽ വളരെ ദുർബലരാകുന്നു. കാരണം ദൈവത്തെ വിസ്മരിച്ച് പാപകൃത്യങ്ങളിൽ പതിക്കുവാനുള്ള അനേകം ആകർഷണങ്ങളാൽ നിറയപ്പെട്ടതാണ് ഈ ലോകം. ആയതിനാൽ നാമെല്ലാവരും ഒത്തുചേർന്ന്, നാം സ്വാത്വികരായി തീരുന്നതിനായി, കൂട്ടായ ഒരു ശ്രമം നടത്തേണ്ടതാണ്. അങ്ങനെ നാം സ്വാത്വികരായി തീരുന്നതിനായി, നാം, ധാരാളമായി ദുആ ചെയ്യേണ്ടതാണ്. ഇതിലേക്കായി ഞാൻ നിങ്ങൾക്കായി ഒരു ദുആ സമർപ്പിക്കുകയാണ്. എന്റെ നാഥാ! നീ എനിക്ക് വിവേകജ്ഞാനം നല്കുകയും എന്നെ സുകൃതവാന്മാരിൽ ഉൾപ്പെടുത്തുകയും ചെയ്യേണമെ! പിൻതലമുറകളിൽ ശാശ്വതമായി നിലനില്ക്കുന്ന പ്രശംസ നീ എനിക്ക് നല്കേണമെ, നീ എന്നെ സുഖാനുഭൂതിയുടെ സ്വർഗത്തിന്റെ അവകാശികളിൽപ്പെട്ടവനാക്കേണമെ (26: 84,85,86)

**ഒരാൾ വാഹനത്തിൽ കയറുമ്പോൾ, വാഹന സവാരിക്കായി തുനിയുമ്പോൾ (വിശിഷ്യ കുതിര സവാരി, ഒട്ടകസവാരി)** ഈ ദുആ ചെയ്യുക. ഇതിനെ ഞങ്ങൾക്ക് കീഴ്പ്പെടുത്തി തന്നവൻ, പരിശുദ്ധനാണ്. ഇതിനെ വഴിപ്പെടുത്തുവാൻ ഞങ്ങൾക്ക് കഴിവുണ്ടായിരുന്നില്ല. തീർച്ചയായും ഞങ്ങളുടെ നാഥനിലേക്കാണ് ഞങ്ങളുടെ മടക്കം (43:15)

**നിങ്ങൾ ബുദ്ധിമുട്ടിലാകുമ്പോൾ** നിങ്ങൾ അല്ലാഹുവിലേക്ക് തിരിഞ്ഞ്, ഇപ്രകാരം പ്രാർത്ഥിക്കുക. ഞാൻ പരാജിതനാണ്, എന്നെ നീ സഹായിക്കേണമെ (54:11)

നിങ്ങളുടെ നമസ്ക്കാരങ്ങളും മറ്റു പ്രാർത്ഥനകളും സ്വീകരിക്കുവാനായി നിങ്ങൾ അല്ലാഹുവിനോട് ദുആ ചെയ്യുക.

‘‘ഞങ്ങളുടെ നാഥാ! ഞങ്ങളിൽ നിന്ന് (ഈ സേവനത്തെ) സ്വീകരിക്കേണമെ. നിശ്ചയമായും എല്ലാ കേൾക്കുന്നവനും നന്നായി അറിയുന്നവനും നീ തന്നെയാണ

ല്ലോ'' (21:128) ഈ ദുആ ചെയ്യുക; അതായത് അവന്റെ ഇച്ഛയെ അംഗീകരിക്കുവാനായി തനിക്ക് കഴിവു നല്കുന്നതിനായി; മുസ്ലിംകൾ എന്ന നിലയിലുള്ള ഏറ്റവും ഉത്തമമായതും, പരിപാപനമായതുമായ ആചാരനുഷ്ഠാനങ്ങൾ അനുഷ്ഠിക്കുവാനും മാപ്പ് ലഭിക്കുവാനുമായി ദുആ തുടർന്നും ചെയ്തുകൊണ്ടിരിക്കുക. ''ഞങ്ങളുടെ നാഥാ! നീ ഞങ്ങളിരുവരേയും നിന്നെ അനുസരിക്കുന്നവരാക്കുകയും ഞങ്ങളുടെ സന്തതികളിൽ നിന്ന് നിന്നെ അനുസരിക്കുന്ന ഒരു സമുദായത്തെ എഴുന്നേല്പിക്കുകയും ചെയ്യേണമെ ഞങ്ങൾക്ക് ഞങ്ങളുടെ ആരാധനാവിധങ്ങൾ നീ കാണിച്ചു തരേണമെ! ഞങ്ങളുടെ നേരെ കാരുണ്യത്തോടെ തിരിയേണമേ! നിശ്ചയമായും (നിന്റെ ദാസൻമാരുടെ നേരെ) വളരെയധികം ശ്രദ്ധതിരിക്കുന്നവനും കരുണാമയനും നീ തന്നെയാണല്ലോ'' (2:129)

അവിശ്വാസികൾക്കെതിരിൽ വിജയം നേടുവാനും, ക്ഷമ അവലംബിക്കുവാനുമായി ദൈവത്തോട് പ്രാർത്ഥിക്കുക. ''ഞങ്ങളുടെ നാഥാ! ഞങ്ങൾക്ക് നീ സഹനശക്തി ചൊരിഞ്ഞു തരികയും ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചു നിർത്തുകയും അവിശ്വാസികൾക്കെതിരായി ഞങ്ങളെ നീ സഹായിക്കുകയും ചെയ്യേണമെ'' (2:291)

നാം വളരെ ദുർബരാണ്, മിക്കപ്പോഴും നാം മറന്നുകൊണ്ട് തെറ്റിൽ വീണു പോകുന്നു. നാം വളരെ ദുർബലരായതിനാൽ പാപങ്ങളുടെ അമിതഭാരം വഹിക്കുവാൻ നമുക്ക് കഴിയുകയില്ല. അപ്പോൾ നാം അല്ലാഹുവിലേക്ക് തിരിയേണ്ടതാണ്. അവനിൽ നിന്നുള്ള കാരുണ്യവും മാപ്പും നമുക്ക് ലഭിക്കുന്നതിനായി, അതോടൊപ്പം തന്നെ നമ്മുടെ ശാരീരികേച്ഛയെ കീഴ്പ്പെടുത്തുവാനും, ബഹുദൈവവിശ്വാസികൾക്കെതിരിൽ വിജയം നേടുന്നതിനുമായി ദുആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്, ഞങ്ങളുടെ നാഥാ ഞങ്ങൾ മറന്നുപോവുകയോ, തെറ്റുചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ ഞങ്ങളെ ശിക്ഷിക്കരുതേ! ഞങ്ങൾക്ക് മുമ്പുണ്ടായിരുന്നവരുടെ മേൽ ചുമത്തിയതുപോലുള്ള ഭാരം ഞങ്ങളുടെ മേൽ ചുമത്തരുതേ! ''ഞങ്ങളുടെ നാഥാ! ഞങ്ങൾക്ക് വഹിക്കുവാൻ കഴിവില്ലാത്ത (ഭാരം)ഞങ്ങളുടെ മേൽ ചുമത്തരുതേ! ഞങ്ങൾക്ക് മാപ്പ് നല്കേണമെ! ഞങ്ങൾക്ക് പൊറുത്തുതരേണമെ! ഞങ്ങളോട് കരുണകാണിക്കേണമെ! നീയാണ് ഞങ്ങളുടെ രക്ഷാധികാരി! അതിനാൽ സത്യനിഷേധികളായ, ജനങ്ങൾക്കെതിരിൽ ഞങ്ങളെ സഹായിക്കേണമെ'' (2:287)

''ഞങ്ങളുടെ നാഥാ! തീർച്ചയായും ഒരുനാളിൽ സമസ്ത മനുഷ്യരെയും ഒരുമിച്ചു കൂട്ടുന്നവനാണ് നീ. അതിൽ സംശയമേയില്ല. അല്ലാഹു വാഗ്ദത്തം ലംഘിക്കുകയില്ല തന്നെ'' (3:10) ''ഞങ്ങളുടെ നാഥാ! നീ ഇതെല്ലാം വ്യർത്ഥമായിട്ടല്ല സൃഷ്ടിച്ചത് (അത്തരം പ്രവർത്തനങ്ങളിൽ നിന്നെല്ലാം) നീ പരിശുദ്ധനാണ്. അതിനാൽ നീ ഞങ്ങളെ നരകശിക്ഷയിൽ നിന്നും രക്ഷിക്കേണമെ'' (3:192)

''ഞങ്ങളുടെ നാഥാ! നീ ആരെയെങ്കിലും നരകത്തിൽ പ്രവേശിപ്പിക്കുന്നതായാൽ നീ അവനെ തീർച്ചയായും നിന്ദ്യനാക്കി കഴിഞ്ഞു. അക്രമികൾക്ക് ഒരു സഹായിയേയും ലഭിക്കുന്നതല്ല (3:193)'' ''ഞങ്ങളുടെ നാഥാ!സത്യവിശ്വാസത്തിലേക്ക് (ഞങ്ങളെ) ക്ഷണിക്കുന്ന ഒരാളിന്റെ ക്ഷണം ഞങ്ങൾ കേട്ടു. നിങ്ങളുടെ നാഥനെ വിശ്വസിക്കുക എന്നദ്ദേഹം വിളിച്ചു പറയുന്നു അപ്പോൾ ഞങ്ങൾ വിശ്വസിച്ചു. (ഞങ്ങളുടെ രക്ഷിതാവേ) അതുകൊണ്ട് ഞങ്ങളുടെ പാപങ്ങൾ ഞങ്ങൾക്ക് നീ പൊറുത്തു തരികയും ഞങ്ങളുടെ തിന്മകളെ ഞങ്ങളിൽ നിന്ന് നീ അകറ്റിക്കളയുകയും സുകൃതവാന്മാരുടെ കൂടെ (അവരിൽ ഉൾപ്പെടുത്തി) ഞങ്ങളെ നീ മരിപ്പിക്കുകയും ചെയ്യേണമെ''(3:194) ''ഞങ്ങളുടെ നാഥാ! നിന്റെ ദൂതന്മാർ മുഖേന നീ ഞങ്ങൾക്ക് വാഗ്ദാനം ചെയ്തത് ഞങ്ങൾക്ക് നീ പ്രദാനം ചെയ്യേണമെ! പുനരുത്ഥാന നാളിൽ നീ ഞങ്ങളെ അപമാനിക്കരുതേ! നിശ്ചയമായും നീ വാഗ്ദാനം ലംഘിക്കുകയില്ല. (എന്നവർ പ്രാർത്ഥിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതാണ്) (3:195)'' ''ഞങ്ങളുടെ

നാഥാ! ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അതിനാൽ ഞങ്ങളെ (ഞങ്ങളുടെ നാമം) സാക്ഷികളുടെ കൂട്ടത്തിൽ രേഖപ്പെടുത്തേണമെ'' (5;84) ''ഞങ്ങളുടെ നാഥനായ അല്ലാഹുവേ! ഞങ്ങൾക്ക് ആകാശത്തുനിന്ന് ഒരു ഭക്ഷണത്തളിക ഇറക്കിതന്നാലും! അതു ഞങ്ങളുടെ മുൻഗാമികൾക്കും പിൻഗാമികൾക്കും ഉൽസവവും നിന്നിൽ നിന്നുള്ള ഒരു ദൃഷ്ടാന്തവും ആയിരിക്കണം! നീ ഞങ്ങൾക്ക് ആഹാരം നല്കേണമെ! നീ ആഹാരം നല്കുന്നവരിൽ അത്യുത്തമനാണല്ലോ'' (5:115) ''ഞങ്ങളുടെ നാഥാ! ഞങ്ങൾ മറച്ചു വെയ്ക്കുന്നതും ഞങ്ങൾ പരസ്യമാക്കുന്നതും നിശ്ചയമായും നീ അറിയുന്നു. ഭൂമിയാലകട്ടെ, ആകാശത്തിലാകട്ടെ അല്ലാഹുവിന് ഒരു വസ്തുവും ഗോപ്യമാവുകയില്ല.'' (14:39) ''ഞങ്ങളുടെ നാഥാ! അവൻ ഞങ്ങളുടെമേൽ അമിതത്വം പ്രവർത്തിക്കുകയോ അല്ലെങ്കിൽ അതിക്രമിക്കുകയോ ചെയ്തേക്കുമെന്ന് ഞങ്ങൾ ഭയപ്പെടുന്നു''(20:46) ''നിശ്ചയമായും ഞങ്ങളുടെ നാഥൻ സർവഥാ പൊറുക്കുന്നവനും, നന്ദിയുള്ളവനുമാകുന്നു''(35:35) ''ഞങ്ങളുടെ നാഥാ! കാരുണ്യവും അറിവും കൊണ്ട് നീ സകലവസ്തുക്കളിലും വ്യാപിച്ചിരിക്കുന്നു. അതിനാൽ പശ്ചാത്തപിക്കുകയും നിന്റെ മാർഗ്ഗം പിന്തുടരുകയും ചെയ്തവർക്ക് നീ പൊറുത്തു കൊടുക്കുകയും നരകശിക്ഷയിൽ നിന്ന് അവരെ രക്ഷിക്കുകയും ചെയ്യേണമെ''(40:8) ''ഞങ്ങളുടെ നാഥാ! നീ അവരോട് വാഗ്ദാനം ചെയ്ത നിത്യവാസത്തിന്റെ ആരാമങ്ങളിൽ നീ അവരെ പ്രവേശിപ്പിക്കേണമെ!''(20:46) അവരുടെ മാതാപിതാക്കളിലും അവരുടെ ഇണകളിലും (ഭാര്യാ ഭർത്താക്കന്മാർ) അവരുടെ സന്താനങ്ങളിൽ നിന്നും സുകൃതം ചെയ്തവരേയും (നീ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കേണമെ) തീർച്ചയായും നീ പ്രതാപവാനും അഗാധജ്ഞാനുമാകുന്നു''(40:9) ''നീ അവരെ തിന്മകളിൽ നിന്ന് രക്ഷിക്കേണമെ. ആ നാളിൽ നീ ആരെ തിന്മകളിൽ നിന്ന് രക്ഷിക്കുമോ തീർച്ചയായും അവന് നീ കരുണ ചെയ്തു. അതുതന്നെയാണ് മഹത്തായ വിജയം''(40:10)

''നേർപാതയിലൂടെ മുന്നോട്ടു പോകുവാനായി എപ്പോഴും പ്രാർത്ഥിക്കുക. പ്രസ്തുത പാത പ്രകാശപൂരിതമായിരിക്കുവാനുമായി ദുആ ചെയ്യുക. ''ഞങ്ങളുടെ നാഥാ! ഞങ്ങളുടെ പ്രകാശം ഞങ്ങൾക്ക് പൂർത്തീകരിച്ച് തരേണമെ! ഞങ്ങൾക്ക് പൊറുത്തുതരേണമെ! തീർച്ചയായും നീ എല്ലാ കാര്യത്തിനും കഴിവുള്ളവനാണ്.'' (66:9)

സൂറ:ബക്കറയിലെ 129-ാം വചനത്തിൽ കണ്ടെത്തിയ പ്രാർത്ഥനയിലേക്ക് ഒന്നുകൂടി ക്ഷണിക്കുകയാണ്. അതിൽ പ്രാർത്ഥിക്കുകയുണ്ടായി! ഞങ്ങളുടെ നാഥാ! നീ ഞങ്ങളിരുവരേയും നിന്നെ അനുസരിക്കുന്നവരാക്കുകയും ഞങ്ങളുടെ സന്തതികളിൽ നിന്ന് നിന്നെ അനുസരിക്കുന്ന ഒരു സമുദായത്തെ എഴുന്നേല്പിക്കുകയും ചെയ്യേണമെ! ഞങ്ങൾക്ക് ഞങ്ങളുടെ ആരാധനാവിധങ്ങൾ നീ കാണിച്ചു തരേണമെ! ഞങ്ങളുടെ നേരെ കാരുണ്യത്തോടെ തിരിയേണമെ! നിശ്ചയമായും നീ പശ്ചാത്താപം സ്വീകരിക്കുന്നവനും അങ്ങേയറ്റം കരുണാമയനുമാണ്. (21:129) ഇതേ തുടർന്നു വരുന്ന സൂറ:ബകറയിലെ 130-ാം വചനം, വളരെ പ്രധാനപ്പെട്ട ഒരു ദുആ ആകുന്നു. പ്രസ്തുത ദുആ ഹസ്രത് ഇബ്റാഹീം (അ)യും ഹസ്രത് ഇസ്മായീൽ (അ)യും ചെയ്തതാണ്. പിതാവും പുത്രനും കൂടി ചെയ്ത ദുആ, ഹസ്രത് ഇസ്മായീൽ(അ)ന്റെ സന്താനപരമ്പരയിൽ ആഗതനാകുന്ന ഒരു പ്രവാചകനു വേണ്ടി ആയിരുന്നു. അല്ലാഹുവിന്റെ ഇഛയുടെ മുൻപിൽ സമ്പൂർണ്ണമായി കീഴടങ്ങുന്ന ആളുകൾക്ക് വേണ്ടിയുള്ളതായിരുന്നു പ്രസ്തുത ദുആ. മറ്റൊരു രീതിയിൽ പറഞ്ഞാൽ പ്രസ്തുത ദൈവീകാനുഗ്രഹം, അനുഗൃഹിത ദൈവീക നേട്ടം, അന്ത്യദിനം വരെ തുടരുന്ന നിലയിലായിരിക്കുന്നതിനു വേണ്ടിയായിരുന്നു പ്രസ്തുത ദുആ. പ്രസ്തുത പ്രാർത്ഥന താഴെപറയും പ്രകാരമായിരുന്നു. ''ഞങ്ങളുടെ നാഥാ! അവർക്ക് നിന്റെ ദൃഷ്ടാന്തങ്ങൾ വിവരിച്ചു കൊടുക്കുകയും ഗ്രന്ഥവും

തത്വജ്ഞാനവും പഠിപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും ചെയ്യുന്ന ഒരു ദുതനെ നീ അവരിൽ നിന്നും എഴുന്നേല്പിക്കേണമെ! തീർച്ചയായും പ്രതാപശാലിയും അഗാധജ്ഞാനിയും നീ തന്നെയാകുന്നു.'' (2:130)

ഈ ദുആയ്ക്ക് ഇബ്റാഹീം (അ)ന്റെ മേലുള്ള ദറൂദുമായി/സ്വലാത്തുമായി ആഴത്തിലുള്ള ബന്ധമുണ്ട്. ''യാ അല്ലാഹ്! ഹസ്രത് ഇബ്റാഹീം(അ)ന്റെ മേലും അവിടുത്തെ സന്തതികളുടെമേലും ചൊരിഞ്ഞ ദൈവീകാനുഗ്രഹങ്ങൾ പോലെ ഹസ്രത് മുഹമ്മദ്(സ)യുടെയും അദ്ദേഹത്തിന്റെ കുടുംബത്തിന്റെയും മേൽ നിന്റെ അനുഗ്രഹങ്ങൾ ചൊരിയേണമെ! നിശ്ചയമായും നീ സ്തുതികൾക്കർഹനും തേജസ്സുടയവനുമാകുന്നു. യാ! അല്ലാഹ്! ഇബ്റാഹീം (അ)നും കുടുംബത്തിനും അനുഗ്രഹം ചെയ്തതുപോലെ മുഹമ്മദ് (സ)നും കുടുംബത്തിനും നീ അനുഗ്രഹം ചൊരിയേണമെ! നിശ്ചയമായും നീ സ്തുത്യർഹനും തേജസ്സുറ്റവനുമാകുന്നു'' സുറ:ത്വാഹയിൽ 20:135ൽ മറ്റൊരു ദുആ കാണാവുന്നതാണ്. അവിടെ അല്ലാഹു(ത) പറയുന്നു (''ഈ ദൂതനെ അയയ്ക്കുന്നതിന്) മുമ്പായി ഏതെങ്കിലും ശിക്ഷകൊണ്ട് നാം അവരെ നശിപ്പിച്ചിരുന്നുവെങ്കിൽ അവർ പറയുമായിരുന്നു. ഞങ്ങളുടെ നാഥാ! നീ എന്തുകൊണ്ട് ഞങ്ങളിലേക്ക് ഒരു ദൂതനെ അയച്ചുതന്നില്ല? എങ്കിൽ ഞങ്ങൾ നിന്ദ്യരും അപമാനിതരും ആകുന്നതിന് മുൻപായി ഞങ്ങൾ നിന്റെ ദൃഷ്ടാന്തങ്ങൾ പിന്തുടരുമായിരുന്നുവല്ലോ'' (20:135)

ഈ പ്രാർത്ഥന അവർ നടത്തുന്നത്, അല്ലാഹുവിന്റെ കല്പനകൾ പിൻപറ്റുന്നതിനു വേണ്ടിയാണ്. അപമാനത്തിൽ നിന്നും നാണക്കേടിൽ നിന്നും വിദൂരത്താകുന്നതിനു വേണ്ടിയാണ്. എന്നാൽ അവർക്ക് അല്ലാഹു(ത) ഒരു ദൂതനെ അയയ്ക്കുമ്പോൾ, അവരതാ പിന്തിരിഞ്ഞുപോകുന്നു. പ്രവാചകനെയും അവർ പരിഹസിക്കുന്നു. ആയതിനാൽ അല്ലാഹു(ത) അവന്റെ ദൂതനോട് പറയുവാൻ കല്പിക്കുന്നു. ''നാം ഓരോരുത്തരും കാത്തിരിക്കുന്നവരാണ് അതുകൊണ്ട് കാത്തിരിക്കുക. നേർപാതയിൽ ആരെന്നും ശരിയായി മാർഗ്ഗദർശനം നല്കപ്പെട്ടവരാരെന്നും പിറകെ അറിയുന്നതാണ്'' (20:136)

ദുആയുടെ പ്രാധാന്യം നിങ്ങൾ ശരിക്കും ഗ്രഹിക്കുന്നതിനായി ഞാൻ ദുആ ചെയ്യുന്നു. അല്ലാഹു(ത) നിങ്ങൾക്കത് മനസ്സിലാക്കി തരട്ടെ! വിജയത്തിന്റെ താക്കോലും അവന്റെ ഇച്ഛയുടെ അറിവും അതിലൂടെയാണ് നാം കണ്ടെത്തുന്നത്. സത്യവസ്തുതയിതാണ്-അതായത് ഖുർആനിലെ ദുആകൾ അവന്റെ പ്രവാചകന്മാരിലൂടെ വെളിപാടുകളായി ഇറക്കപ്പെട്ടതാണ്. അവന്റെ സ്വാത്വികരായ ആളുകളിലൂടെ കാലകാലങ്ങളിലൂടെ അവതരിപ്പിക്കപ്പെട്ടതാണ്. ഈ ദുആ ചെയ്യുന്നത് ഉചിതമായ ഒരു നടപടി ആയിരിക്കും. ഒരുപക്ഷേ, അതിലൂടെ വിജയവും, സഹായവും നമുക്ക് എത്തിച്ചേരാം. അങ്ങനെ നാം സമാധാനചിത്തരും ആത്മവിശ്വാസമുള്ളവരുമായി തീരാം. ഇൻശാ അല്ലാഹ് ! ആമീൻ! ഇൻശാഹ് അല്ലാഹ്! അടുത്ത വെള്ളിയാഴ്ച ദുആ സംബന്ധമായ എന്റെ 14-ാം മത്തെ പ്രഭാഷണം ഉണ്ടായിരിക്കുന്നതാണ്.

***Translated & Issued by : Mukarram R. Jamaludin Raother***
***Amir - Jamaat Ul Sahih Al Islam***
***South Zone - Kerala, India, E-mail : jamal.raother@gmail.com***